ദേശാഭിമാനി
Wed, 16 July 2025

■ കാലാവസ്ഥാവ്യതിയാനം

# കൃഷിയിൽ പുതുമാതൃകയുമായി കേരളം

**തിരുവനന്തപുരം**

കാലാവസ്ഥാവ്യതിയാനത്തെ അതിജീവിക്കുന്നതും ഊർജകാര്യക്ഷമവുമായ കൃഷിക്ക് കേരളം പുതിയ മാതൃക തീർക്കും. ഇതിന്റെ ഭാഗമായുള്ള 'ക്രിയ പാത്ത് വേയ്സ് ഓഫ് ട്രാൻസിഷൻ' റിപ്പോർട്ട് പ്രകാശിപ്പിച്ചു. കാലാവസ്ഥാ വ്യതിയാനം കേരളത്തിന്റെ കാർഷിക സമ്പദ് വ്യവസ്ഥയെയും ഭക്ഷ്യസുരക്ഷയെയും ഗുരുതരമായി ബാധിക്കുന്ന സാഹചര്യത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾ സർക്കാർ നടപ്പാക്കിവരികയാണെന്ന് കൃഷിമന്ത്രി പി പ്രസാദ് പറഞ്ഞു. എനർജി മാനേജ്മെന്റ് സെന്റർ കേരളയും കൃഷി വകുപ്പ് ചേർന്ന് സംഘടിപ്പിച്ച 'കാലാവസ്ഥ അതിജീവനശേഷിയും ഊർജകാര്യക്ഷമതയും കാർഷികമേഖലയിൽ' ശിൽപ്പശാലയിലാണ് മന്ത്രി പി പ്രസാദും വൈദ്യുതിമന്ത്രി കെ കൃഷ്ണൻകുട്ടിയും ചേർന്ന് റിപ്പോർട്ട് പ്രകാശിപ്പിച്ചത്.




കാലാവസ്ഥാ വ്യതിയാനം കൃഷിയെ ബാധിച്ചതിനെക്കുറിച്ച് തയ്യാറാക്കിയ പഠന റിപ്പോർട്ട് മന്ത്രിമാരായ കെ കൃഷ്ണൻകുട്ടിയും പി പ്രസാദും ചേർന്ന് പ്രകാശിപ്പിച്ചപ്പോൾ

2023–24 കാലയളവിൽ കേരളത്തിലെ 14 ജില്ലകളിലായി വിവിധ വകുപ്പുകൾ, അക്കാദമിക സ്ഥാപനങ്ങൾ, കർഷക സമൂഹങ്ങൾ എന്നിവരുമായി സഹകരിച്ച് നടത്തിയ വിപുലമായ ശിൽപ്പശാലകളുടെ ഫലമായാണ് സമഗ്ര റിപ്പോർട്ട് തയ്യാറാക്കിയത്. കർഷകരും ശാസ്ത്രജ്ഞരും സ്റ്റാർട്ടപ്പുകളും ചേർന്ന് നിർമിക്കുന്ന പുതിയ അഗ്രോ ഇന്നൊവേഷൻ ലാബുകൾ, പുനരുൽപ്പാദന ഊർജത്തിലൂടെ പ്രവർത്തിക്കുന്ന കാർഷിക യന്ത്രങ്ങൾ, സൗരോർജം, ബയോഗ്യാസ് എന്നിവയിലേക്കുള്ള മാറ്റം എന്നിവ പ്രോത്സാഹിപ്പിച്ച് ചെലവുകൾ കുറയ്ക്കാനും കാർബൺ ബഹിർഗമനം കുറയ്ക്കാനും റിപ്പോർട്ട് ശുപാർശ ചെയ്യുന്നു.